# പെൺപൂരണം

ഹനുമന്ത് ,ഞാൻ നിന്നെ ഇഷ്ടപ്പെട്ട തുടങ്ങിയത് തന്നെ നിൻറെ ഈ പേര് കാരണമാണ് .നിൻറെ പേരിൻറെ പ്രത്യേകത എന്താണെന്ന് ചോദിച്ചാൽ എനിക്ക് അറിയില്ല പക്ഷേ മലയാളികൾക്കിടയിൽ അത്ര പരിചിതമല്ലാത്ത പേരണല്ലോ. ഞാനിത് പറയുമ്പോൾ നീ ചിരിക്കുന്നത് എനിക്ക് കാണാം കാരണം എന്റെ പേരാണ്, നീ എന്നും എന്നെ കളിയാക്കിയതും അത് പറഞ്ഞാണല്ലോ. കോളേജിന്റെ പടവുകൾ കയറി നീ വരുമ്പോൾ ഞാൻ എന്റെ വീൽചെയറിൽ പടികൾക്ക് അടുത്തുള്ള വഴിയിലൂടെ വരുന്നുണ്ടായിരുന്നു .ഒന്നാം വർഷക്കാരുടെ ഒന്നാം ദിവസത്തെ സകല പരിഭ്രമവും കാരണം അന്ന് നമുക്ക് പരസ്പരം നോക്കാൻ കഴിഞ്ഞില്ല. ദിവസങ്ങൾ കഴിഞ്ഞാണ് ഒരേ ക്ലാസിലായിട്ടും നമ്മൾ മിണ്ടുന്നത്. അതിനിടയിൽ നമ്മൾ നമ്മുടെ പേരുകൾ മനസ്സിലാക്കിയിരുന്നു അല്ലേ ,എൻറെ പേര് വിളിച്ച് മറ്റുള്ളവർക്ക് കളിയാക്കുമ്പോൾ നിൻറെ ചിരിയിൽ ഇത്തിരി സഹതാപം ഞാൻ കണ്ടെത്തും ,എനിക്ക് ആരുടെയും സഹതാപം ഇഷ്ടമല്ല എന്നിട്ടും കൂടി .നിന്റെ കണ്ണുകളിലെ സാന്ത്വനം എന്നെ ആകർഷിച്ചു ഞാൻ സ്വയം പ്രവർത്തിപ്പിക്കുന്ന എൻറെ വീൽചെയറിൽ നിന്റെ അടുത്ത് എത്തി നിന്നോട് ചോദിച്ചതോർക്കുന്നുണ്ടോ?

“മലയാളിയല്ലേ?”

നീ ചിരിച്ചു അതേന്ന് തലകുലുക്കി ,പിന്നെ പതിയെ വർത്തമാനത്തിലേക്ക് കടന്നു .ഹനുമന്ത് ജീവാനന്ദൻ എന്ന നീ സുന്ദരി സത്യൻ എന്ന് എൻറെ ഹൃദയത്തിലേക്ക് നടന്നല്ല ഓടിയാണ് കയറിയതെന്ന് പറയാം. കണ്ടോ ഇപ്പോഴും എൻറെ പേര് പറയുമ്പോൾ നീ ചിരിച്ചു ,പക്ഷേ നീ ചിരിക്കുന്നത് എന്നെ കളിയാക്കി മാത്രമായിരുന്നില്ല ,നിൻറെ ചിരിയിൽ ഊർജ്ജപ്രവാഹങ്ങൾ ഉറവപൊട്ടി ,എന്നെ നീ സ്വപ്നം കാണാൻ ശീലിപ്പിച്ചു, തനിച്ചിരിക്കുമ്പോൾ ചിരിക്കാനും തുടിക്കുന്ന കൺപോളകൾക്ക് അർത്ഥം തിരയാനും പഠിപ്പിച്ചു ,നിന്നെ ഓർക്കാൻ കുഞ്ഞു മറവികളും പഠിപ്പിച്ചു .രണ്ടു കാലുകളും തളർന്നുപോയവൾ തങ്ങളുടെ കാലശേഷം എങ്ങനെ ജീവിക്കും എന്ന അച്ഛൻറെയും അമ്മയുടെയും ചോദ്യത്തിന് ആധിക്ക് ഒക്കെ ഉത്തരമായി എൻറെയുള്ളിൽ തെളിഞ്ഞത് നീയാണ്. നിനക്കൊപ്പം വീൽചെയറിൽ വരുമ്പോൾ എൻറെ വിരലുകൾ അല്ല നിൻറെ സ്നേഹമാണ് വീൽചെയർ നിയന്ത്രിക്കുന്നതെന്ന് തോന്നുന്നു. എനിക്ക് തലയിൽ നീ മുല്ലപ്പൂവ് ചൂടിത്തന്നു. പുരികങ്ങൾക്കിടയിൽ കുത്തുപോലെ വെച്ചിരുന്ന പൊട്ടുമാറ്റി നീ നാണയത്തിന്റെ വലിപ്പത്തിൽ പൊട്ടുകുത്തി തന്നു. കാതുകൾപറ്റി കിടക്കുന്ന എൻറെ കമ്മലുകൾക്കു ഞാലി ചാർത്തി. നിന്നെക്കൊണ്ട് ആവുംവിധം നീ എന്നെ സന്തോഷിപ്പിച്ചു മൂന്നു വർഷങ്ങൾ മൂവായിരം ചക്രങ്ങളുള്ള ഒരു

വണ്ടി പോലെ വേഗമാണ് പോയത് അല്ലേ. ഡെയ്സിയും പ്രീതയും ഒക്കെ എന്നോട് പറഞ്ഞത് ഇതൊക്കെ എന്റെ തോന്നലുകൾ ആണെന്നാണ്.പക്ഷേ നമ്മുടെ കാലത്ത് ഒരു അതിമോഹമെങ്കിലും മനസ്സിൽ വിചാരിച്ച് മയിൽപീലി പുസ്തകത്താളിൽ ഒളിപ്പിച്ചു വെക്കാത്ത യൗവനങ്ങൾ ഉണ്ടായിരുന്നോ ഹനുമന്ത്, സ്നേഹ വറുതിയിൽ വരണ്ടും പിന്നെ സ്നേഹാ ധിക്യത്താൽ നിറഞ്ഞുമൊഴുകിയ നിള പോലെ നീ എന്നിലേക്കും ഞാൻ നിന്നിലേക്കും പടർന്നു .അച്ഛനും അമ്മയും ഞാനും സുജയും പിന്നെ തു ന്നാ നായി അവർ വാങ്ങി വച്ചിരിക്കുന്ന കുറെ തുണികളും, ഇതായിരുന്നു നീ വരുന്നതുവരെ എൻറെ ലോകം. അച്ഛൻ ഒരു മുൻകോപിയാണെന്ന് അമ്മ എപ്പോഴും പറയുമായിരുന്നു, പക്ഷേ നനഞ്ഞ കണ്ണുകളോടെ ഉറങ്ങാൻ പോകുന്ന അച്ഛനെയാണ് ഞാൻ എന്നും കണ്ടിരുന്നത് .ശോഷിച്ചുപോയ എൻറെ കാലുകൾക്ക് പകരം അച്ഛൻ സ്വന്തം കാലുകൾ നൽകി ,അടുത്ത കാലം വരെ എന്നെ എടുത്തുകൊണ്ടാണ് അച്ഛൻ എല്ലായിടത്തും പോയിരുന്നത് .ഈ വീൽചെയർ കിട്ടിയതോടെ അച്ഛനെ ബുദ്ധിമുട്ടിക്കാതെ ഞാൻ സഞ്ചരിച്ചു . പിന്നെ , പിന്നൊരുനാൾ നീയും എന്നിലേക്ക് വന്നു.

നിന്റെ വീട്ടുകാരെ പറ്റി നീ അധികം ഒന്നും പറഞ്ഞിട്ടില്ല, മൂന്നുവർഷം കഴിഞ്ഞിട്ടും.  നമ്മുടെ കലാലയ കാലം കഴിഞ്ഞ സമയം ഞാൻ പിജിക്ക് ചേർന്നു നീ നിൻറെ സ്വപ്നങ്ങളെ എത്തിപ്പിടിക്കാൻ നെട്ടോട്ടമോടുന്ന നാളുകളിൽ ഒരിക്കൽ നീ നിൻറെ അമ്മയെയും കൂട്ടി എന്നെ കാണാൻ വന്നു. ഞാൻ പഠിക്കുന്ന കോളേജിൽ പക്ഷേ അമ്മയുടെ മുഖം അത്ര തെളിഞ്ഞിരുന്നില്ല .പിന്നീട് പലതവണ ചോദിച്ചിട്ടും നീയതിന്റെ കാരണവും പറഞ്ഞില്ല .നിൻറെ ക്യാമറയും തൂക്കി നമ്മൾ പലയിടത്തും അലഞ്ഞത് ഓർക്കുന്നില്ലേ, രണ്ടു മൂന്ന് തവണ ഞാൻ വീട്ടിൽ കള്ളം പറഞ്ഞു നിനക്കൊപ്പം വന്നിട്ടുണ്ട്, നിൻറെ കാറിൽ. എന്നെ എടുത്തു നടക്കുമ്പോൾ നീ കാട്ടുന്ന കുസൃതികൾ ഞാനും ആസ്വദിച്ചിരുന്നു. അച്ഛൻറെ കയ്യിലെ ചൂടിന് കരുതലിന്റെ കാവലിന്റെ കരുത്ത് ആയിരുന്നെങ്കിൽ നിൻറെ കൈചൂടിന് ഇഷ്ടപ്രവാഹത്തിന്റെ ഒഴുക്ക് ആണെന്നോർത്ത്  ഞാൻ ചിരിച്ചു. നിന്നെപ്പറ്റി പലപ്പോഴും ഞാൻ വീട്ടിൽ വാചാലയാകാറുണ്ടായിരുന്നു, സുജയാണ് ആദ്യം എന്നിലേക്ക് ചോദ്യമെ റിഞ്ഞത് പിന്നെ അമ്മയും അച്ഛനും കാര്യങ്ങൾ മനസ്സിലാക്കി .പക്ഷേ അച്ഛൻ പ്രത്യേകിച്ച് ഒന്നും പറഞ്ഞില്ല .ഒരു ദിവസം രാവിലെ ഭക്ഷണം കഴിച്ചിരിക്കുമ്പോൾ അച്ഛൻ അടുത്തേക്ക് വന്ന് ദോശ എടുത്ത് എനിക്ക് വായിലേക്ക് തന്നിട്ട് പറഞ്ഞു

“എൻറെ വാവ വലുതായി എല്ലാം അറിയാറായി, പക്ഷേ നമ്മുടെ കുറവുകൾ കൂടി അറിയണം ഒന്നിലേക്കും എടുത്തുചാടി തീരുമാനമെടുക്കരുത് .”

ഇത്രയും പറഞ്ഞ് കവിളത്തൊരു ഉമ്മയും തന്ന്  നടന്നു പോയി. അച്ഛൻറെ നെഞ്ചിടിപ്പ് എനിക്കപ്പോൾ കേൾക്കാമായിരുന്നു. ഞാൻ ഉറക്കെ വിളിച്ചുപറഞ്ഞു “അച്ഛൻ വിഷമിക്കേണ്ട ,ഹനുമന്ത് എന്നെ പൊന്നുപോലെ

നോക്കും ,അവന് എന്നെ അത്രയ്ക്ക് ഇഷ്ടമാണ് എല്ലാം അറിഞ്ഞിട്ടും."
വാക്കുകൾ പുറത്തേക്ക് വന്നില്ല എല്ലാം എൻറെ ഉള്ളിൽ തന്നെ വീണു കൊഴിഞ്ഞു. ഒരു ചിരി മാത്രം ചുണ്ടിൽ തങ്ങിനിന്നു. അച്ഛൻ അനുദിനം കരിഞ്ഞുണങ്ങിയ ഒരു മരം പോലെയായിരുന്നു ,ഞാൻ എല്ലാം നിന്നോട് പറഞ്ഞിട്ടുണ്ട് നീ ഒരു നല്ല കേൾവിക്കാരൻ കൂടി ആയിരുന്നല്ലോ. നിൻറെ സാമീപ്യം, ചിരി ,നോട്ടം ഒക്കെ ആശ്വാസക്കാ റ്റായി മാറിയത് ഞാൻ മനസ്സിലാക്കിയപ്പോഴേക്കും കാലം നമുക്കിടയിൽ പിരിയാനാകാത്ത ബന്ധത്തിന്റെ ഇഴകൾ പാകിയിരുന്നു. കടംകയറി അച്ഛൻ ആകെ വലഞ്ഞ നാളുകളിലാണ് ആദ്യമായി നീയെന്റെ വീട്ടിലേക്ക് വന്നത്. അച്ഛനെ കണ്ടു ,അമ്മയെ കണ്ടു ,നമ്മുടെ കാര്യങ്ങൾ അവതരിപ്പിച്ചു .അച്ഛനും അമ്മയും ഒരുമിച്ച് ഏറെക്കാലത്തിനുശേഷം ചിരിക്കുന്നത് ഞാൻ കണ്ടത് അന്നാണ്. നമ്മളേറെ ഇഷ്ടപ്പെടുന്നവർ നമ്മൾ കാരണം ചിരിക്കുന്ന നിമിഷങ്ങൾക്ക് എന്തൊരു ഭംഗിയാണ് ഹനുമന്ത് !

പക്ഷേ അച്ഛ ന് ഏറെ നാൾ പിടിച്ചുനിൽക്കാൻ ആയില്ലല്ലോ .നാലുതുള്ളി വിഷത്തിൽ ഒരു കുറിപ്പ് മാത്രം അവശേഷിപ്പിച്ച് അച്ഛൻ പോയി .നാലുപേർക്കും കൂടി ഒരുമിച്ച് മരിക്കാനായിരുന്നു അച്ഛൻ നേരത്തെ കണക്കുകൂട്ടിയിരുന്നത്. പക്ഷേ നിൻറെ വരവ് അച്ഛൻറെ പദ്ധതികളെ മാറ്റിമറിച്ചു. അച്ഛൻ പോയാലും മറ്റുള്ളവരെ നോക്കാൻ, എന്നെ നോക്കാൻ നീ ഉണ്ടാകുമെന്ന് വിശ്വാസം അച്ഛനെ അനശ്വരതയിലേക്കുള്ള ഏകാന്ത യാത്രകനാക്കി. അച്ഛൻറെ ചിതയണയും വരെ നീ എൻറെ കൈപിടിച്ചു തന്നെ നിന്നു. അമ്മയെയും സുജയേയും ആശ്വസിപ്പിച്ചു .നീ വീട്ടിലെ നിത്യസന്ദർശകനായി മാറി .നിന്നെ ഞങ്ങൾ അംഗീകരിക്കാനും തുടങ്ങി. ഹനുമന്ത് സ്നേഹമെന്നത് ഒരു മായാജാലക്കാരന്റെ കൈവേഗം പോലെയാണ്, നമ്മളെ വല്ലാതെ ഭ്രമിപ്പിച്ചു കളയും. ഇല്ലാത്തത് ഉണ്ടെന്നും ഉള്ളത് ഇല്ലാതായെന്നും നമ്മളെ തോന്നിപ്പിക്കും .

ഒരു ദിവസം നീ എൻറെ അമ്മയോട് ചോദിച്ച ത് ഓർക്കുന്നുണ്ടോ, എനിക്ക് ആരാ സുന്ദരി എന്ന് പേരിട്ടതെന്ന്. അച്ഛനാണ് ഈ പേരിട്ടത് എൻറെ വൈകല്യത്തെ ഒരു പേര് കൊണ്ട് അല്പമെങ്കിലും മറക്കാമെന്ന് അച്ഛൻ വിചാരിച്ചിട്ടുണ്ടാവും..

നീ പതിയെ നിൻറെ ലക്ഷ്യത്തിലേക്ക് നടന്ന കയറാൻ തുടങ്ങിയ കാലം, അച്ഛൻ പോയിട്ട് ഒരു വർഷത്തിലേറെയായി. ചില സിനിമകളിൽ ക്യാമറ സഹായിയായി വെള്ളിത്തിരയിൽ നിൻറെ പേര് മിന്നി മറഞ്ഞു. നമ്മുടെ പതിവ് സമാഗമങ്ങളുടെ വേദിയായ പടിക്കെട്ടിലിരുന്നപ്പോൾ ഞാൻ നിന്നോട് ആവശ്യപ്പെട്ടത് ഒരു താലിച്ചരട് മാത്രമാണ്.അച്ഛൻറെ മരണശേഷം ബാങ്കുകാർ കടമൊക്കെ എഴുതി തള്ളി . അതിനായി നമ്മൾ കയറിയിറങ്ങിയ ഓഫീസ് മുറികൾ നമ്മളെ ജീവിതത്തിൻറെ മറ്റൊരു തലം കാട്ടിത്തന്നു. നീ കൂടെയുള്ളപ്പോൾ ഞാൻ ആരുടെയും സഹതാപമോ സഹായമോ

പ്രതീക്ഷിച്ചിട്ടില്ല .നിനക്കൊപ്പം ഇരിക്കുമ്പോൾ എൻറെ പേര് ഓർത്തു ഞാൻ അഭിമാനിച്ചിരുന്നു. വിവാഹക്കാര്യം വീട്ടിൽ സംസാരിച്ചു ഉറപ്പിച്ചു വരാമെന്ന് പറഞ്ഞാണ് നീ പോയത്. നീ വരുമെന്ന് എനിക്ക് ഉറപ്പായിരുന്നു. പറഞ്ഞ ദിവസം തന്നെ നീ വന്നു ,അച്ഛനെയും അമ്മയെയും കൂട്ടി .അവർക്കു മുന്നിൽ ഇരുന്നപ്പോഴാണ് കല്യാണ പെണ്ണിൻറെ ഉള്ളിലെ പുകച്ചിൽ ആദ്യമായി ഞാൻ അറിഞ്ഞത് .അമ്മ എന്നെ അധികം നോക്കിയില്ല അച്ഛൻ എൻറെ അമ്മയോടും വല്യച്ഛനോടും ആണ് കൂടുതൽ വർത്തമാനം പറഞ്ഞത് .ഇവർ വന്ന കാര്യം മറന്നു പോയോ എന്ന് ഞാൻ സംശയിച്ചു .അപ്പോഴും നിന്റെ കണ്ണുകൾ എൻറെ മനസ്സിലേക്ക് നോക്കുന്നതായി എനിക്ക് തോന്നി. സുജയാണ് ചായ കൊണ്ടുവന്നത് ,നിൻറെ അമ്മ അവളോട് എന്തോ ചോദിച്ചു. നിൻറെ നിർബന്ധമാണ് അവരെ ഇവിടെ എത്തിച്ചത് എന്നെനിക്കു തോന്നി.കല്യാണതീയതി നോക്കാമെന്നുപറഞ്ഞ അച്ഛൻ പെട്ടെന്നാണ് എന്റെ അമ്മയോട് ഒരു ചോദ്യം,

" മകൾക്ക് എന്തു കൊടുക്കും ?എന്തെങ്കിലുമൊക്കെ കരുതിയിട്ടുണ്ടാവുമല്ലോ പോരാത്തതിന് വികലാംഗയുമല്ലേ,".

എല്ലാവരും ഞെട്ടിത്തരിച്ചു നിന്നു. നീ എനിക്ക് നോട്ടം തരാതെ ദൂരേക്ക് കണ്ണു പായിച്ചു .വീടും പത്ത് സെന്റും പത്തുലക്ഷം രൂപയുമേ നിൻറെ അച്ഛൻ ആവശ്യപ്പെട്ടുള്ളൂ. 10 ലക്ഷം എന്നൊക്കെ കേൾക്കാനുള്ള ത്രാണി എൻറെ അമ്മയ്ക്ക് ഉണ്ടായിരുന്നില്ല. എനിക്ക് താഴെ സുജ കൂടിയില്ലേ. സമ്മതമാണെങ്കിൽ നമുക്ക് മുന്നോട്ടുപോകാം എന്ന് പറഞ്ഞ് നിന്റെ അച്ഛനും അമ്മയും ഇറങ്ങി, നീയും. പിന്നെ കുറെ ദിവസം നീ എൻറെ വീട്ടിലേക്ക് വന്നില്ല .എനിക്കറിയാം നിൻറെ അച്ഛൻറെ പെരുമാറ്റം നിന്നെ വല്ലാതെ നോവിച്ചിട്ടുണ്ടാകുമെന്ന് ,സാരമില്ല. ഹനുമന്ത്, നമുക്ക് ഒന്നാകാൻ മറ്റാരുടെയും അനുവാദം ആവശ്യമില്ലല്ലോ. നീ കൂടെയുള്ളപ്പോൾ ഞാൻ ആരെ പേടിക്കാൻ ?നിന്നെ ഫോണിൽ വിളിച്ചിട്ട് കിട്ടുന്നില്ല ,ഒടുവിൽ ഒരു ദിവസം നീ ഫോൺ എടുത്തു.ഹനുമന്ത്,നിന്റെ വാക്കുകൾ കേട്ട്ഞാൻ ഏതോ അഗാധതയിലേക്ക് താഴ്ന്നു പോകുന്നതു പോലെ തോന്നി. അച്ഛൻ പറയുന്നതാണ് അവസാനവാക്ക് ,നിനക്ക് അതിനപ്പുറം ഒന്നും പറയാനില്ലെന്ന് . ഹനുമന്ത് നമ്മൾ ഒരുമിച്ച് കണ്ട സ്വപ്നങ്ങൾ, ഒരുമിച്ചിരുന്ന വഴിത്താരകൾ, പരസ്പരം പുണർന്ന കവിൾത്തടങ്ങൾ ,കൈമാറിയ മെയ്ച്ചൂട് ഒക്കെ കലങ്ങി മറിഞ്ഞൊഴുകിയ പുഴ പോലെ ആയില്ലേ? ഇനി ഞാൻ എന്തു ചെയ്യണം ? ഹനുമന്ത് കഴിഞ്ഞ കുറെ ദിവസങ്ങൾ നിയന്ത്രിക്കാനാകാതെ ഞാൻ കരഞ്ഞിരുന്നു,അമ്മയും സുജയും ഒക്കെ വീട്ടിൽ എവിടെയോ ഉണ്ട് ആരും ഒന്നും കഴിക്കുന്നില്ല മിണ്ടുന്നില്ല .ഒരുപക്ഷേ അച്ഛൻ മരിച്ച നാളുകളിൽ പോലും ഈ വീട് ഇത്ര മൂക മായിരുന്നില്ല മരിച്ചുപോയവരെക്കാൾ നമ്മെ കരയിപ്പിക്കാൻ കഴിയുന്നത് ജീവിച്ചിരിക്കുന്നവർക്ക് തന്നെയാണല്ലോ !

ഒടുവിൽ ഞാൻ ചില തീരുമാനങ്ങൾ എടുത്തു, എല്ലാം നമ്മുടെ നല്ലതിനായിരുന്നു .ഇന്ന് നിന്നെ വിളിച്ചത് എല്ലാം പറയാനായിരുന്നു. അമ്മയും സുജയും കൂടി തുന്നൽ കടയിലേക്ക് പോയപ്പോഴാണ് നീ വന്നത്, മനസ്സില്ലാ മനസ്സോടെ. നിനക്ക് പ്രത്യേകിച്ച് ഒന്നും പറയാനുണ്ടായിരുന്നില്ല. എല്ലാം നിന്റെ അച്ഛൻ പറഞ്ഞല്ലോ. ഞാൻ നൽകിയ ജ്യൂസ് നീ മടിച്ചുമടിച്ചാണ് കുടിച്ചത്. പണ്ടത്തെ ഓർമ പുതുക്കലായി നീ കുടിച്ചതിൽ പാതി ഞാൻ ചോദിച്ചു. തീരെ താല്പര്യമില്ലാതെയാണ് നീ ഗ്ലാസ് തന്നത്. എങ്ങനെയാണ് ഹനുമന്ത് ഇങ്ങനെ ആളുകൾക്ക് മാറാൻ കഴിയുക? ഉള്ളറിഞ്ഞ് സ്നേഹിച്ചിട്ട് ഒന്നുമില്ലായിരുന്നു എന്ന് പറഞ്ഞ് ഇറങ്ങിപ്പോകാൻ കഴിയുക? നിന്നെ ചതിയൻ എന്ന് വിളിക്കില്ല ഞാൻ കാരണം നീ എനിക്ക് തന്ന സന്തോഷ നിമിഷങ്ങളാണ്. പക്ഷേ നിന്നെ നീ എന്തു വിളിക്കും ? ഹനുമന്ത് ഞാനിങ്ങ് എത്തി, ആകാശത്തിനപ്പുറം നക്ഷത്രങ്ങൾക്കിടയിൽ, പണ്ട് നമ്മൾ കനവ് കണ്ട സ്ഥലത്ത് നിന്നെ കാത്തിരിപ്പാണ്. അച്ഛൻ ഉപദേശങ്ങൾക്കൊപ്പം ബാക്കിവെച്ചു പോയ മരുന്നുണ്ടല്ലോ നമ്മൾ കുടി ച്ച ജ്യൂസിൽ ഞാനത് ഒഴിച്ചിരുന്നു. എനിക്കറിയാം നീ ഇപ്പോഴിങ്ങെത്തുമെന്ന് .ഞാൻ ഇവിടെ ,അല്ല ഞങ്ങൾ ഇവിടെ നിന്നെ കാത്തിരിക്കുകയാണ്. ഞാൻ ഒരാളല്ല ഹനുമന്ത് നമ്മൾ മൂന്നുപേരുണ്ട് .നീ വേഗം വരണേ ഞാൻ വേറെ എന്താണ് ചെയ്യേണ്ടിയിരുന്നത്ഹനുമന്ത്?

സ്വന്തമായി ഒന്നും ചെയ്യാൻ കഴിയാത്ത ഈ പാഴ്ജന്മത്തിന്റെ വിഴുപ്പ് കൂടി എൻറെ അമ്മയെയും അനിയത്തിയെയും ഏൽപ്പിക്കണോ?വേഗം വാ, ഇവിടെ നല്ല തണുപ്പാണ് നിന്നെ അവളും തിരക്കുന്നുണ്ട് ,നമുക്ക് പഞ്ഞി മേഘങ്ങൾക്കിടയിൽ ഒളിച്ചിരിക്കാം .ഞാൻ കാണുന്നുണ്ട് ദൂരെ നിന്ന് നീ വരുന്നത്. പണ്ട് എന്നെ വിവാഹം കഴിക്കാൻ ആഗ്രഹമുണ്ടെന്ന് പറയാൻ എൻറെ വീട്ടിലേക്ക് നീ വന്നതുപോലെ. ഇനി നീ തിരികെ പോകുന്നില്ലല്ലോ അല്ലേ? ഹനുമന്ത് അല്ലെങ്കിലും നിബന്ധനകളില്ലാതെ സ്നേഹിക്കാൻ നല്ലയിടം ഇവിടെയാണ്,ഇവിടെമാത്രം.